"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- എറണാകുളം ജില്ല- മരട് നഗരസഭ- ബഹു. സുപ്രീംകോടതി വിധിപ്രകാരം മരട് ഫ്ലാറ്റ് പൊളിച്ചുനീക്കം ചെയ്യുന്നതിൽ കൺട്രോൾഡ് ഇംപ്ലോഷൻ വിദഗ്ധനായ ശ്രീ. ശരത്.ബി.സർവാതെയ്ക്ക് കൺസൾട്ടൻസി ഫീസ് ഇനത്തിൽ 3,30,079/- രൂപ, മരട് ഫ്ലാറ്റ് പൊളിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്കായി സർക്കാർ അനുവദിച്ചിട്ടുള്ള ഒരു കോടി രൂപയിൽ മരട് നഗരസഭയുടെ അക്കൗണ്ടിൽ ശേഷിക്കുന്ന 3,59,626/- രൂപയിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ ബി) വകുപ്പ്**

G.O.(Rt)No.1021/2024/LSGD തീയതി,തിരുവനന്തപുരം, 11-06-2024

---

പരാമർശം:-

1. 25.09.2019 തീയതിയിലെ സ.ഉ (സാധാ) 2074/2019/തസ്വഭവ നമ്പർ ഉത്തരവ്.
2. 9/10/2019 തീയതിയിലെ സ.ഉ. (സാധാ) 2211/2019/തസ്വഭവ നമ്പർ ഉത്തരവ്
3. 9/1/2021 തീയതയിലെ അഡ്വക്കേറ്റ്, ശ്രീ. ഗോപാൽ യാദവിന്റെ ലീഗൽ നോട്ടീസ്.
4. സെക്രട്ടറി, മരട് നഗരസഭയുടെ 27/1/2021, 23/1/2023, 4/8/2023, തീയതികളിലെ ഇ5-2415/2016 നമ്പർ കത്തുകളും, 4/4/2024 തീയതിയിലെ ഇ5-13265/2023 നമ്പർ അർദ്ധ ഔദ്യോഗിക കത്തും.
5. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പിന്റെ 30/9/2023 തീയതിയിലെ LSGD/PD/55939/2023-GEB4 നമ്പർ കത്ത്.

**ഉത്തരവ്**

ബഹു. സുപ്രീം കോടതി വിധി പ്രകാരം മരട് ഫ്ലാറ്റ് സമുച്ചയങ്ങൾ പൊളിച്ചു നീക്കം ചെയ്യുന്നതിൽ സാങ്കേതിക ഉപദേശം നൽകി മരട് നഗരസഭയെ, സഹായിക്കുന്നതിനായി ആറ് എൽ.എസ്.ജി.ഡി. എഞ്ചിനീയർമാർ ഉൾപ്പെടുന്ന ഒരു ടെക്നിക്കൽ ടീമിനെ പരാമർശം (1) ഉത്തരവ് പ്രകാരം നിയമിച്ചിരുന്നു. കൺട്രോൾഡ് ഇംപ്ലോഷൻ വിദഗ്ധനായ ശ്രീ. ശരത്.ബി. സർവ്വാതെയെയും ടി ടെക്നിക്കൽ കമ്മിറ്റിയിൽ ഉൾപ്പെടുത്തി പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

2. പരാമർശം(2) ലെ ഉത്തരവിൽ ശ്രീ. ശരത്.ബി. സർവ്വാതെയുടെ വേതനം

സംബന്ധിച്ചോ ഹോണറേറിയം സംബന്ധിച്ചോ പ്രതിപാദിച്ചിരുന്നില്ല. ടിയാന് യാത്രാ ബത്ത, താമസം, ഭക്ഷണം, നഗരസഭാ പരിധിയിൽ യാത്ര ചെയ്യുന്നതിനുള്ള വാഹന സൗകര്യം എന്നിവ കൂടാതെ സർവ്വീസ് ചാർജ്ജായ 86,588/- രൂപ നഗരസഭയിൽ നിന്നും നൽകിയിട്ടുള്ളതാണ്. എന്നാൽ ടിയാന് 3,30,079/- രൂപ കൂടി നൽകണമെന്ന് ആവശ്യപ്പെട്ട് പരാമർശം (3) പ്രകാരം ശ്രീ. ശരത്.ബി. സർവ്വാതെ ലീഗൽ നോട്ടീസയക്കുകയുണ്ടായി.

3. ബഹു. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ 4 ഫ്ലാറ്റുകൾ പൊളിച്ചു മാറ്റുന്നതിനായി സർക്കാർ ഉത്തരവ് G.O (Rt) 2211/2019/LSGD നമ്പർ പ്രകാരം മൈനിംഗ് എഞ്ചിനീയർ, ശ്രീ. ശരത്.ബി.സർവ്വാതെയെ നിയമിച്ചിരുന്നുവെങ്കിലും ആയതിൽ ടിയാനു നൽകേണ്ടതായ പ്രതിഫലത്തെ സംബന്ധിച്ച് പരാമർശിച്ചിട്ടില്ലാത്തതും, എന്നാൽ പ്രവർത്തനവുമായി ബന്ധപ്പെട്ട് ടിയാൻ നഗരസഭയിൽ നിന്നിരുന്ന കാലമത്രയും ടിയാന്റെ യാത്രാബത്ത, താമസം, ഭക്ഷണം, വാഹനസൗകര്യം, എന്നിവ കൂടാതെ സർവ്വീസ് ചാർജ്ജ് ഇനത്തിൽ 86,588/- രൂപ കൂടി നഗരസഭ അനുവദിച്ചിട്ടുള്ളതാണെന്നും പരാമർശം (4) പ്രകാരം സെക്രട്ടറി, മരട് നഗരസഭ അറിയിക്കുകയുണ്ടായി. മരട് നഗരസഭയിലെ പ്രവർത്തനം പൂർത്തിയാക്കി മടങ്ങിയ ശ്രീ. ശരത്.ബി.സർവ്വാതെ 3,30,079/- രൂപയുടെ കൺസൾട്ടിംഗ് ഫീ അനുവദിക്കുന്നതിന് നഗരസഭയ്ക്ക് നോട്ടീസ് അയയ്ക്കുകയും തുടർന്ന് Indore Ist Class Judicial കോടതിയുടെ 14.12.2023 ലെ വിധിന്യായപ്രകാരം 3,30,079/-രൂപയും 4% പലിശയും കൂടി ഉത്തരവായിട്ടുള്ളതുമാണ്. ഫ്ലാറ്റ് പൊളിക്കുന്ന കമ്പനികൾക്ക് നൽകുന്നതിനായും 1 കോടി രൂപ അനുബന്ധ ചെലവുകൾക്കുമായി മരട് 2,74,72,430/- രൂപ സർക്കാരിൽ നിന്നും നഗരസഭയ്ക്ക് അനുവദിച്ചിട്ടുള്ളതാണെന്നും, ആയതിൽ 3,71,12,804/- രൂപ ചെലവായിട്ടുള്ളതും, 3,59,626/- രൂപ നഗരസഭ അക്കൗണ്ടിൽ ബാക്കി നീക്കിയിരിപ്പുണ്ടെന്നും പ്രസ്തുത തുകയിൽ നിന്നും ശ്രീ. ശരത്.ബി. സർവ്വാതെയ്ക്ക് ആവശ്യപ്പെട്ട കൺസൾട്ടിംഗ് ഫീസ് നൽകുന്നതിലേക്കായി സർക്കാർ ഉത്തരവ് ആവശ്യമാണെന്നും പരാമർശം (4) പ്രകാരം സെക്രട്ടറി, മരട് നഗരസഭയും പരാമർശം (5) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പും അറിയിച്ചു.

4 . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മരട് ഫ്ലാറ്റ് സമുച്ചയങ്ങൾ പൊളിച്ചു നീക്കം ചെയ്യുന്നതിൽ സാങ്കേതിക ഉപദേശം നൽകി മരട് നഗരസഭയെ, സഹായിക്കുന്നതിനായി നിയമിച്ച ടെക്നിക്കൽ കമ്മിറ്റിയിലെ, അംഗവും, കൺട്രോൾഡ് ഇംപ്ലോഷൻ വിദഗ്ധനുമായ ശ്രീ. ശരത്.ബി. സർവ്വാതെയ്ക്ക് കൺസൾട്ടൻസി ഫീ ഇനത്തിൽ 3,30,079/- രൂപ, (മൂന്ന് ലക്ഷത്തി മുപ്പതിനായിരത്തി എഴുപത്തി ഒമ്പത് രൂപ മാത്രം) മരട് ഫ്ലാറ്റ് പൊളിക്കുന്നതുമായി ബന്ധപ്പെട്ട് കാര്യങ്ങൾക്കായി സർക്കാർ അനുവദിച്ചിട്ടുള്ള

ഒരു കോടി രൂപയിൽ മരട് നഗരസഭയുടെ അക്കൗണ്ടിൽ ശേഷിക്കുന്ന 3,59,626/-രൂപയിൽ നിന്നും അനുവദിക്കുന്നതിന് മരട് നഗരസഭാ സെക്രട്ടറിക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

H MUHAMMED FAISAL
DEPUTY SECRETARY

പകർപ്പ്

Sri. Sarad .B. Sarwate. 42 A, Dhanwanthari extension
Rajendra Nagar, Indore (M.R), 452012.
സെക്രട്ടറി, ധനകാര്യ വ്യയം വകുപ്പ്
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
സെക്രട്ടറി, മരട് നഗരസഭ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ ( തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഇൻഫർമേഷൻ ഓഫീസർ( വെബ് & ന്യൂ മീഡിയ )
കരുതൽ ഫയൽ / ആഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Rajesh N
Date: 12-06-2024 11:18:53